**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***401** 15-05-2017 -ൽ മറുപടിക്ക്

## ദുരന്ത നിവാരണ അതോറിറ്റിയെ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. വിജയൻ പിള്ള**<br>**ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ. കെ.ജെ. മാക്സി**<br>**ശ്രീ. കെ. ആൻസലൻ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ അടിയന്തര സഹായമെത്തിക്കാനായി റവന്യൂ വകുപ്പിനു കീഴിലുള്ള ദുരന്ത നിവാരണ അതോറിറ്റിയെ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | എ) | കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരം സ്ഥാപിതമായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ശക്തിപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുള്ളതും ജില്ലാതലത്തിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതും സംസ്ഥാനത്തിന് പൊതുവായി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുള്ളതുമാണ്. സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ആവശ്യമായ 'ദുരന്ത മുന്നറിയിപ്പ് സാങ്കേതികവിദ്യ' വികസനം കെൽട്രോൺ മുഖാന്തരം തയ്യാറാക്കി വരുന്നു. |
| ബി) | ദുരന്ത ലഘൂകരണ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | ബി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ദുരന്ത ലഘൂകരണ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• ദുരന്തസാധ്യത അപഗ്രഥനം നിരന്തരമായി നടത്തുകയും കേരളത്തിലെ ബഹുവിധ ദുരന്ത സാധ്യത മേഖലകളിൽ ദുരന്ത സാദ്ധ്യതകൾ കുറയ്ക്കുവാനായി വിവിധ വകുപ്പുകൾ പാലിക്കേണ്ടുന്ന പൊതു. നിർദ്ദേശങ്ങൾ സൃഷ്ടിക്കുകയും സമയോചിതമായി പുതുക്കുകയും ചെയ്യുന്നു.<br>• പ്രാദേശിക തലത്തിൽ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് ദുരന്ത സാധ്യത ലഘൂകരണ പരിശീലനങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ ദുരന്ത അതിജീവന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു |

| | | | |
|---|---|---|---|
| | | | • ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ ദുരന്ത ലഘൂകരണത്തിനായി ആവശ്യമായ അവബോധം നൽകുന്നു<br>• സംസ്ഥാന-ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും, കേരളത്തിലെ ദുരന്ത പ്രതികരണ-പ്രതിരോധ-തയ്യാറെടുപ്പ് പ്രക്രിയകളുടെ ശാസ്ത്രീയ സാങ്കേതിക കേന്ദ്രങ്ങളായി ഇവയെ മാറ്റുകയും ചെയ്യുന്നു.<br>• ശാസ്ത്രീയ അടിത്തറയോടുകൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതിക വിദ്യ സംസ്ഥാനത്തു സ്ഥാപിച്ചിട്ടുണ്ട്.<br>• സംസ്ഥാന അടിയന്തിരഘട്ട പ്രവർത്തന രൂപരേഖയും (Emergency Supports Functions Plan), ദുരന്ത പ്രതികരണ രൂപരേഖകളും (Standard Operating Procedure) കാലികമായി പരിഷ്കരിക്കുന്നു.<br>• സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു.<br>• ദീർഘകാല ദുരന്ത പുനർനിർമാണ പ്രക്രിയയിൽ ആവശ്യമായ അറിവ് ലഭ്യമാക്കുകയും ആവശ്യാനുസരണം നടപ്പിൽ വരുത്തുകയും ചെയ്യുന്നു. |
| സി) | എന്തൊക്കെ മുന്നറിയിപ്പ് സംവിധാനങ്ങളും, സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും നിലവിലുണ്ടെന്ന് അറിയിക്കാമോ? | സി) | സംസ്ഥാന ഭൂകമ്പ നിരീക്ഷണ സംവിധാന ശൃംഖല, സംസ്ഥാന തീര ദുരന്ത നിരീക്ഷണ സാങ്കേതിക വിദ്യ എന്നീ മുന്നറിയിപ്പ് സംവിധാനങ്ങളും കേന്ദ്ര സർക്കാരിന്റെയും UNDP യുടെയും സഹായത്തോടുകൂടി നടന്നുവരുന്ന സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതിയും നടത്തുന്നു. വരൾച്ച പ്രതിരോധ പദ്ധതികളായ ജലവർഷിണി, മഴപൊലിമ, വാട്ടർ കിയോസ്കുകൾ, പ്രാദേശിക വസ്തുക്കൾ കൊണ്ട് നിർമിച്ച ചെറു തടയണകൾ എന്നിവ നടപ്പാക്കുകയും മുല്ലപെരിയാർ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി, സംസ്ഥാന അഗ്നിശമന സേന ശാക്തീകരണം, കുഴലീകൃത മണ്ണൊലിപ്പിന്റെ പ്രതിരോധം, ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി, വെള്ളപ്പൊക്ക |

| | | | |
|---|---|---|---|
| | | | പ്രതിരോധ പ്രവർത്തനം (ഓപ്പറേഷൻ അനന്ത) എന്നിവ നടത്തുന്നു. കൂടാതെ ദുരന്ത ലഘൂകരണ പരിശീലനങ്ങൾ, മോക്ക് ഡ്രില്ലുകൾ എന്നിവ നടത്തുന്നു. കേരളത്തിലെ വലിയ ഉത്സവങ്ങളിലെ സുരക്ഷയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ദുരന്ത ലഘൂകരണ വിവര സംവേദനത്തിനായി ലഘുലേഖകൾ തയ്യാറാക്കുകയും, സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ ആതോറിറ്റികളുടെ ശാക്തീകരണം, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെ ശാക്തീകരണം, ദുരന്ത വിവര സംവേദന സാങ്കേതിക വിദ്യയുടെ വികസനവും പരിപാലനവും, ദുരന്ത ലഘൂകരണ മുന്നൊരുക്കങ്ങൾ, 'സുരക്ഷിത കേരളത്തിനായി മുന്നേറാം' എന്ന ആപ്തവാക്യത്തിലൂന്നിയുള്ള സെമിനാറുകൾ, ദുരന്ത ലഘൂകരണ പരിശീലനങ്ങൾ, ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ് വർക്ക് - ദുരന്ത പ്രതികരണത്തിനായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവര ശേഖരണം, ദേശീയ അടിയന്തിരഘട്ട പരിപാലന വിവര ശേഖരണ സംവിധാനം, പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ദുരന്ത ലഘൂകരണ ശാക്തീകരണ സഹായം, സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ ശാക്തീകരണം എന്നീ സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ